**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 929** **18-09-2025 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമ വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അരൂർ മണ്ഡലത്തിൽ അംബേദ്ക്കർ ഗ്രാമ വികസന പദ്ധതി പ്രകാരം അനുവദിച്ച നഗറുകൾ ഏതെല്ലാമാണെന്നും ആയതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ? | (എ) | ഉളവെയ്പ്പ് അംബേദ്കർ നഗർ, ഇളയപാടം ലക്ഷംവീട് നഗർ, ചുട്ടുകാട്ടുപുറം നഗർ എന്നീ ഗ്രാമങ്ങളെയാണ് അരൂർ മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>ഉളവെയ്പ്പ് അംബേദ്കർ ഗ്രാമത്തിൽ ചുട്ടുകാട്ടുപുറം പനച്ചിക്കൽ റോഡ് കീത്താറ - പുളിമൂട് റോഡ് (പുതിയത്) ഫില്ലിംഗ് എന്നിവ പൂർത്തീകരിച്ചു. ചാത്തങ്കരി റോഡ് മണ്ണിട്ടുയർത്തൽ 80% പൂർത്തീകരിച്ചു. സ്ലൂയിസ് കവർ സ്ലാബ്, ബോക്സ് കൺവെർട്ട്, പനച്ചിക്കൽ അപ്പക്കത്തറ റോഡ് എന്നിവ മോണിറ്ററിംഗ് കമ്മിറ്റി തീരുമാനപ്രകാരം ഒഴിവാക്കിയിട്ടുണ്ട്.<br><br>ഇളയപാടം ലക്ഷംവീട് നഗറിൽ പടന്നയിൽ കൾവർട്ട്, അംഗനവാടി നടപ്പാത, പടന്നയിൽ റോഡ് സംരക്ഷണഭിത്തി എന്നിവ പൂർത്തീകരിച്ചു. പുതുവൽനികർത്ത് റോഡ് 80 ശതമാനം പൂർത്തിയായി. പുന്നത്തറ പുതുവൽ നികർത്ത് റോഡ് സംരക്ഷണഭിത്തി നിർമ്മാണം കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്തു. സ്ലൂയിസ് കൾവെർട്ട് ഒഴിവാക്കി ബാക്കി തുകയ്ക്ക് മാർക്കണ്ടേശം പുതുവൽ നികർത്ത റോഡ് 490 മീറ്റർ ചെയ്യുന്നതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.<br><br>ചുട്ടുകാട്ടുപുറം നഗറിന്റെ നിർമ്മാണ ചുമതല KEL എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം ഏജൻസിക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ